അവശ്യസാധനങ്ങളുടെ വില നിലവാരം

97 (754)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തുറന്ന കമ്പോളത്തിൽ അവശ്യ സാധനങ്ങളുടെ വില എന്തായിരുന്നു;

(ബി) ഇപ്പോൾ അവയുടെ വില എത്ര വീതമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള തുറന്ന കമ്പോളത്തിലെ ആവശ്യ സാധനങ്ങളുടെ വിലയും ഇപ്പോഴുള്ള വിലയും താരതമ്യം ചെയ്ത പട്ടിക അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.†

നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം

98 (755)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിയ്ക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലീസ്റ്റോർ, നീതിസ്റ്റോർ, ഓപ്പൺ മാർക്കറ്റ് എന്നിവയിലെ 1996 ജൂൺ, 2000 മേയ് എന്നീ മാസങ്ങളിലെ വില നിലവാരം വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓപ്പൺ മാർക്കറ്റിൽ നിത്യോപയോഗസാധനങ്ങൾക്ക് ഓരോന്നിനും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ദാരിദ്ര്യമേഖലയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് നിലവിലുള്ള റേഷൻ വിലയെക്കാൾ കിലോഗ്രാമിന് രണ്ടു രൂപാ കുറച്ച് 10 രൂപ 40 പൈസ നിരക്കിൽ 16 കിലോഗ്രാം അരി മാസംതോറും ഓരോ കാർഡിനും നൽകിവരുന്നു.

---

† അനുബന്ധം X(3) കാണുക

LIBRARY ARCHIVES Kerala Legislative Assembly